പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*254 | 18.06.2019-ൽ മറുപടിക്ക്

## മലയോര, തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി

### ചോദ്യം

ശ്രീ.സജി ചെറിയാൻ

,, രാജു എബ്രഹാം

,, ഡി.കെ. മുരളി

,,കെ.വി.വിജയദാസ്

(എ) മുൻ സർക്കാരിന്റെ കാലത്ത് ഡി.എഫ്.ഐ.പി. യിൽ ഉൾപ്പെടുത്തിയിരുന്ന മലയോര ഹൈവേയുടെ പണി ഫണ്ടില്ലാതെ ഇഴഞ്ഞു നീങ്ങിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രവൃത്തികൾക്ക് വേഗത കൈവരിക്കാനായിട്ടുണ്ടോ; പദ്ധതിക്കായി കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

### മറുപടി

ശ്രീ.ജി.സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് ഡി.എഫ്.ഐ.പി-യിൽ ഉൾപ്പെടുത്തി ഫണ്ട് നീക്കിവെയ്ക്കാതെ ഭരണാനുമതി നൽകിയിരുന്നതും, കരാറിൽ ഏർപ്പെടാതിരുന്നതും ആരംഭിക്കാതിരുന്നതുമായ എല്ലാ പ്രവൃത്തികളുടേയും അനുമതികൾ റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ ഈ സർക്കാരിന്റെ അഭിമാന പ്രോജക്ടായി മലയോര ഹൈവേ പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് 1251 കിലോമീറ്റർ നീളത്തിൽ കാസർഗോഡ് നന്ദാരപ്പടവു മുതൽ തിരുവനന്തപുരം പാറശ്ശാല വരെ 3500 കോടി രൂപ അടങ്കലിൽ ഏറ്റെടുത്തു നടപ്പാക്കുന്നതിന് 2017−18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾക്ക് കാര്യമായ വേഗത കൈവരിക്കാനായിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള മറ്റു 13 ജില്ലകളിലൂടെയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി

ലഭ്യമാക്കി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം.942/2017/ പൊ.മ.വ, തീയതി 10/07/2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് In Principal Administrative Sanction സർക്കാർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള Special Purpose Vehicle (SPV) ആയി Kerala Road Fund Board-നെയാണ് നിശ്ചയിച്ചിട്ടുള്ളത്.

മലയോര ഹൈവേ നിർമ്മാണത്തിനു വേണ്ടി 2186.98 കോടി രൂപയുടെ 25 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു കഴിഞ്ഞു. ഇതിന്റെ മൊത്തം നീളം 656.579 കി.മീ. ആണ്. ഇതിൽ 1506.24 കോടി രൂപയുടെ 18 റീച്ചുകളുടെ ഡി.പി.ആർ-ന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചു. ഫണ്ട് അനുവദിച്ച റീച്ചുകളുടെ മൊത്തം നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ രണ്ടു പ്രവൃത്തിയും കൊല്ലം ജില്ലയിലെ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ മൂന്ന് പ്രവൃത്തികളും ഉൾപ്പെടെ 6 പ്രവൃത്തികൾ നടന്നുവരുന്നു. നടന്നുവരുന്ന പ്രവൃത്തികളുടെ മൊത്തം നീളം 160.952 കി.മീ ആണ്.

(ബി) പദ്ധതിക്ക് വിവിധ ജില്ലകളിൽ ആവശ്യമായി വരുന്ന വനഭൂമി ഏറ്റെടുക്കുന്നതിനായി നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കുമോ;

(ബി) മലയോര ഹൈവേ നിർമ്മാണത്തിനായി കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് വയനാട്, കാസർഗോഡ് എന്നീ 8 ജില്ലകളിൽ വനഭൂമി ആവശ്യമുണ്ട്. ജില്ലയിലെ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) അറുനൂറ്റിഅമ്പത് കിലോമീറ്ററിലധികം വരുന്ന തീരദേശ ഹൈവേയിൽ ഇരുനൂറ്റിയമ്പത് കിലോമീറ്റർ ഈ വർഷം തന്നെ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) നിലവിൽ തീരദേശ ഹൈവേയുടെ നിർമ്മാണം 2 മീറ്റർ സൈക്കിൾ ട്രാക്ക്കൂടി ഉൾപ്പെടുത്തി 14 മീറ്റർ റൈറ്റ് ഓഫ് വേയിൽ നടപ്പിലാക്കാനാണ് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ 14 മീറ്റർ വീതിയുള്ളസ്ഥലങ്ങളിൽ മാത്രമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിവരുന്നതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ചത് | - 15 കി.മീ |
| വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നത് | - 68 കി.മീ |
| വിശദമായ പദ്ധതി രൂപരേഖയ്ക്കുവേണ്ടിയുള്ള ആർ.എഫ്.പി. തയ്യാറാക്കിവരുന്നത് | - 63.9 കി.മീ |
| മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നത് | - 21.6 കി.മീ |
| ഡ്രോൺ സർവ്വേ പൂർത്തിയാക്കിയത് | - 170 കി.മീ |

ബാക്കിയുള്ള സ്ട്രെച്ചുകളിൽ ഡ്രോൺ സർവ്വേ പുരോഗമിക്കുന്നു.

(ഡി) ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ; ഭൂമിയുടെ ലഭ്യത തീരെ അസാധ്യമായിടത്ത് എലിവേറ്റഡ് പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

(ഡി) അലൈൻമെന്റ് നിർണ്ണയം പൂർത്തീകരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ മാത്രമേ എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ജനസാന്ദ്രത കുറഞ്ഞ സ്ഥലങ്ങളിൽകൂടി അലൈൻമെന്റ് തീരുമാനിച്ച് ഏറ്റവും കുറവ് സ്ഥലം ഏറ്റെടുത്ത് ചെലവ് കുറച്ച് പദ്ധതി നടപ്പിലാക്കാനാണ് ഇപ്പോൾ മുൻഗണന കൊടുത്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## വനഭൂമിയുടെ വിശദാംശം

| ക്രമ നം. | ജില്ല | റീച്ച് | വിസ്തീർണം (ഹെക്ടറിൽ) | ഓൺലൈൻ അപേക്ഷ സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1 | കോട്ടയം | 1 | 1.775 | ഓൺലൈൻ അപേക്ഷ 02/03/2019-ന് സമർപ്പിച്ചു. |
| 2 | ഇടുക്കി | 1 | 9.60 | ഒരു റീച്ചിന്റെ അപേക്ഷ സമർപ്പിച്ചു. |
| 3(a) | എറണാകുളം ഡിവിഷൻ | 1 | | വിസ്തൃതി നിർണ്ണയിച്ചിട്ടില്ല. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| 3(b) | മൂവാറ്റുപുഴ ഡിവിഷൻ | 1 | 0.6395 | വനഭൂമിക്കുവേണ്ടി ഓൺലൈൻ അപേക്ഷ 06.02.2019 -ന് സമർപ്പിച്ചു. |
| | | 1 | 3.24 | വനഭൂമിക്കുവേണ്ടി ഓൺലൈൻ അപേക്ഷ 06.02.2019 -ന് സമർപ്പിച്ചു. |
| | | 1 | 22.40 | ഈ റീച്ചിൽ പൂർണ്ണമായും വനഭൂമിയാണ്. സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഉദ്ദേശം 22.40 ഹെക്ടർ വനഭൂമി ആവശ്യമായി വരും. |
| 4 | തൃശ്ശൂർ | 1 | 0.96 | ഓൺലൈൻ അപേക്ഷ 05.12.2018 -ൽ സമർപ്പിച്ചു. |
| | | 1 | 14.448 | ഓൺലൈൻ അപേക്ഷ 12.02.2019 -ന് സമർപ്പിച്ചു. |
| 5 | മലപ്പുറം | 2 | 0.3968 + 0.2634 | രണ്ട് റീച്ചിലെ വനഭൂമിയുടെ ഓൺലൈൻ അപേക്ഷ 15.02.2019 -ന് സമർപ്പിച്ചു. |
| | | 2 | | രണ്ട് റീച്ചിലെ വനഭൂമിയുടെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. നടപടി സ്വീകരിച്ചു വരുന്നു. |
| 6 | വയനാട് | 1 | 1.733 | ഓൺലൈൻ അപേക്ഷ 06.02.2019 -ന് സമർപ്പിച്ചു. |
| 7 | കോഴിക്കോട് | 1 | 3.18 | ഓൺലൈൻ അപേക്ഷ 22.02.2019 -ന് സമർപ്പിച്ചു. |
| 8 | കാസർഗോഡ് | 1 | 4.332 | ഓൺലൈൻ അപേക്ഷ 19.12.2018 -ന് സമർപ്പിച്ചു. |
| | | 1 | 3.333 | അപേക്ഷ സമർപ്പിച്ചിട്ടില്ല. നടപടി സ്വീകരിച്ചു വരുന്നു. |

ഡിവിഷൻ ഓഫീസർ